**ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി**
**കൊല്ലം**

EO/1/42/Contract Vehicle-1/SOU/2022 Date: 05-02-2026

**താൽപര്യപത്രങ്ങൾ**

കൊല്ലം കേന്ദ്രമായി പ്രവർത്തിക്കുന്ന, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ ഔദ്യോഗിക ആവശ്യത്തിലേക്കായി മൂന്ന് വർഷത്തിൽ കൂടുതൽ പഴക്കമില്ലാത്ത ഒരു ഇന്നോവ കാർ കരാർ അടിസ്ഥാനത്തിൽ എടുക്കുന്നതിന് , ഇന്നോവ കാറിന്റെ ഉടമകളിൽ നിന്നും മാസം 2000 കിലോമീറ്റർ നിരക്ക് കണക്കാക്കി ഡ്രൈവറും ഇന്ധനവും ഉപയോഗിച്ച് സർവീസ് നടത്തുവാൻ താൽപര്യമുള്ളവരിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു. അതൊടൊപ്പം യൂണിവേഴ്സിറ്റിയുടെ ഓഫീസ് ആവശ്യത്തിലേക്കായി കരാർ അടിസ്ഥാനത്തിൽ, 10ലക്ഷം രൂപയിൽ താഴെ വില വരുന്നതും മൂന്ന് വർഷത്തിൽ കൂടുതൽ പഴക്കമില്ലാത്തതുമായ സെഡാൻ മോഡൽ കാറിന്റെ ഉടമകളിൽ നിന്നും മാസം 2000 കിലോമീറ്റർ നിരക്ക് കണക്കാക്കി ഡ്രൈവറും ഇന്ധനവും ഉപയോഗിച്ച് സർവീസ് നടത്തുവാൻ താല്പര്യമുള്ളവരിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു. മൂന്ന് വർഷത്തിൽ കൂടുതൽ പഴക്കമില്ലാത്തതും, രജിസ്ട്രേഷൻ പേപ്പറുകൾ, ഇൻഷ്വറൻസ് എന്നിവ കൃത്യമായുള്ളതും, ക്രിമിനൽ കേസുകളിൽ പെട്ടിട്ടില്ലാത്ത ഡ്രൈവർമാർ ഉൾക്കൊള്ളുന്ന താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിക്കാൻ താൽപര്യമുള്ള വാഹന ഉടമകൾ ഫെബ്രുവരി 16-ാം തീയതി വൈകിട്ട് 5 മണിക്ക് മുൻപായി ഓഫീസിൽ നേരിട്ടോ, രജിസ്ട്രാർ, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി, കരീപ്പ്ര, കൊല്ലം എന്ന വിലാസത്തിലോ തപാൽ വഴിയോ താല്പര്യപത്രങ്ങൾ നൽകേണ്ടതണ്. രണ്ട് വാഹനങ്ങളുടെയും താല്പര്യപത്രങ്ങൾ വെവ്വേറെ നൽകേണ്ടതാണ്.

താൽപര്യപത്രം തുറക്കുന്നത് ഫെബ്രുവരി 17 ന് പകൽ 11 മണിക്ക്.

**നിബന്ധനകൾ**

1. വാഹനത്തിന്റെ കരാർ കാലാവധി പരമാവധി ഒരു വർഷം ആയിരിക്കും.
2. വാഹനം മൂന്ന് വർഷത്തിൽ കൂടുതൽ പഴക്കമില്ലാത്തതായിരിക്കണം.
3. വാഹനത്തിന്റെ രജിസ്ട്രേഷൻ ഇൻഷ്വറൻസ്, വാഹനപുക സാക്ഷ്യപത്രം രേഖകൾ എന്നിവയുടെ പകർപ്പ് സഹിതം സമർപ്പിക്കേണ്ടതാണ്.
4. വാഹനത്തിന്റെ ഡ്രൈവർമാർ ക്രിമിനൽ കേസുകളിൽ പെട്ടിട്ടില്ലാത്തവർ ആയിരിക്കണം. സർവകലാശാല ആവശ്യപ്പെടുന്ന ഏത് സമയത്തും വാഹനം യാത്രയ്ക്കായി എത്തിയിരിക്കണം
5. താൽപര്യപത്രം തരുന്ന വാഹനത്തിന്റെ ഡ്രൈവറുടെ സ്വഭാവ സർട്ടിഫിക്കറ്റ് (ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത് ), പരിചയ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.
6. താൽപര്യപത്രം അംഗീകരിക്കുന്ന വാഹന ഉടമകൾ യൂണിവേഴ്സിറ്റി ആവശ്യപ്പെടുന്ന തീയതികളിൽ വാഹനത്തിന്റെ കാര്യക്ഷമത പരിശോധിക്കുവാൻ വാഹനം ഹാജരാക്കേണ്ടതണ്.
7. ഏത് താൽപര്യപത്രവും ഒരു കാരണവും കാണിക്കാതെ നിരാകരിക്കുന്നതിനുള്ള അധികാരം യൂണിവേഴ്സിറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്.
   താൽപര്യപത്രം സമർപ്പിക്കുന്നവർ കത്തിന്റെ പുറത്ത് **'കരാർ വാഹനത്തിന്റെ താൽപര്യപത്രം'** എന്ന് എഴുതിയിരിക്കേണ്ടതാണ്.

രജിസ്ട്രാർ

പകർപ്പ്

1. വൈസ് ചാൻസിലർ/പ്രൊ. വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി. എ. മാർ
3. നോട്ടീസ് ബോർഡ്
4. CIQA/ഫ്രണ്ട് ഓഫീസ്
5. സ്റ്റോക്ക്/ ഫയൽ കോപ്പി